**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2194** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. പ്രശാന്ത് ശ്രീ. കെ. മുരളീധരൻ

ശ്രീ. വി. കെ. പ്രശാന്ത് (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഇത്തവണത്തെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന് കീഴിൽ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും തീർത്ഥാടകർക്ക് തത്സമയം ആവശ്യമായ അടിയന്തിര ചികിത്സ നൽകുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പത്തനംതിട്ട ജില്ലയിൽ ഇ.എം.സി-കളുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിരുന്ന നേഴ്സിംഗ് ഓഫീസർമാർ, ടെലിഫോൺ ഓപ്പറേറ്റർമാർ എന്നിവർക്ക് 14.11.2025 മുതൽ 31.12.2025 വരെയുള്ള കാലയളവിലെ പ്രതിദിന വേതനതുകയായ 25,10,960/- രൂപ വിതരണം ചെയ്തു. കൂടാതെ ശബരിമല തീർത്ഥാടനം 2025-26-മായി ബന്ധപ്പെട്ട് മരുന്ന്, ലാബ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ വാങ്ങിയ വകയിൽ 10,23,940/- രൂപയും ചെലവായി.

കോട്ടയം ജില്ലയിൽ ഇത്തവണത്തെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിന് കീഴിൽ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും തീർത്ഥാടകർക്ക് തത്സമയം ആവശ്യമായ അടിയന്തിര ചികിത്സ നൽകുന്നതിലേക്കായും 29,28,034/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മരുന്നുകൾ,ഇന്ധന ചെലവ്, സ്റ്റേഷനറി, ഇലക്ട്രിക്കൽ സാധനങ്ങൾ, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലെ എയിഡ് പോസ്റ്റിനുള്ള വൈദ്യുതി കണക്ഷൻ ഫീസ് എന്നിവയുൾപ്പെടെ ആകെ 23,758/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച 1,65,000/- രൂപ ജില്ലയിലെ ഇടത്താവളങ്ങളായ വണ്ടിപ്പെരിയാർ, പെരുവന്താനം എന്നീ സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ട്.

നാഷണൽ ഹെൽത്ത് മിഷൻ വഴി പമ്പ ഗവ. ആശുപത്രിയിൽ 16.2 ലക്ഷം രൂപയുടെയും സന്നിധാനം ഗവ. ആശുപത്രിയിൽ 16.41 ലക്ഷം രൂപയുടെയും നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. സന്നിധാനത്ത് ആശുപത്രിയിലെ ലിഫ്റ്റ് AMCക്കായി 1,18,000/- രൂപ ചെലവഴിക്കുകയും, 24 മണിക്കൂർ പ്രവർത്തിക്കുന്ന കണ്ട്രോൾ റൂമിൽ നിയോഗിച്ചിരുന്ന ജീവനക്കാരുടെ വേതന ഇനത്തിൽ 66,000/- രൂപ ആരോഗ്യകേരളം വഴി നൽകുകയും ചെയ്തിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ് 2025-26 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്ലാൻ ഫണ്ട് മുഖേന 26,85,039/- രൂപയും, നോൺ-പ്ലാൻ ഫണ്ട് മുഖേന 16,01,184/- രൂപയും, നാഷണൽ ആയുഷ് മിഷൻ (NAM) മുഖേന 1,27,55,534/- രൂപയും ഉൾപ്പെടെ ആകെ 1,70,41,757/- രൂപ ചെലവഴിച്ചു. നാഷണൽ

ആയുഷ് മിഷൻ നേരിട്ട് മരുന്നുകൾക്കായി 75,03,773/- രൂപയും, ശുചീകരണ തൊഴിലാളികളുടെ വേതനമായി 2,52,050/- രൂപയും ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾക്കായി ആകെ 82,36,584/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മരുന്ന്, പ്രവർത്തന ചെലവ്, ജീവനക്കാരുടെ യാത്രാ ബത്ത എന്നിവയ്ക്കായി ഹോമിയോപ്പതി വകുപ്പ് ഇതുവരെ 8,81,192/- രൂപ ചെലവഴിച്ചു.

**(ബി)** ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരെയാണ് മണ്ഡല മഹോത്സവകാലത്തെ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പ് അണിനിരത്തിയതെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ആരോഗ്യവകുപ്പിൽ നിന്നും ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ഫീൽഡ് ജീവനക്കാരും ഉൾപ്പെടെ വലിയ വിഭാഗം ജീവനക്കാരെ സംസ്ഥാന തലത്തിൽ ശബരിമല ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. നിയോഗിച്ച ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **<u>ക്രമ നമ്പർ</u>** | **<u>തസ്തിക</u>** | **<u>എണ്ണം</u>** |
|---|---|---|
| 1 | ഡോക്ടർ | 336 |
| 2 | നേഴ്സിങ് ഓഫീസർ | 300 |
| 3 | ഫാർമസിസ്റ്റ് | 264 |
| 4 | ഹോസ്പിറ്റൽ അറ്റന്റന്റ് | 252 |
| 5 | ലാബ് ടെക്നീഷ്യൻ, | 72 |
| 6 | റേഡിയോഗ്രാഫർ | 48 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 192 |
| | ആകെ | 1464 |

ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കാർഡിയോളജി, ജനറൽ മെഡിസിൻ, പൾമണറി മെഡിസിൻ വിഭാഗങ്ങളിൽ നിന്നുള്ള 80 ഡോക്ടർമാരെ ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് മണ്ഡലകാലം തീരുന്നതുവരെ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നു. കൂടാതെ ബേസ് ഹോസ്പിറ്റലായി പ്രവർത്തിച്ച കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് പുറമേ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഇ.എൻ.റ്റി, ഒഫ്ത്താൽമോളജി, റേഡിയോഡയഗ്നോസിസ്, ഓർത്തോപീഡിക്സ്, സൈക്യാട്രി, അനസ്തേഷ്യോളജി, OFMS, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം തീരുന്നതു വരെ ലഭ്യമാക്കിയിരുന്നു. അതോടൊപ്പം നഴ്സിംഗ് ഓഫീസർമാർ, പാരാമെഡിക്കൽ ജീവനക്കാരായ റേഡിയോഗ്രാഫർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I & II, നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരുടെ സേവനവും റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം അവസാനിക്കുന്നത് വരെ ലഭ്യമാക്കിയിരുന്നു.

നാഷണൽ ആയുഷ് മിഷൻ മുഖേന ആയുർവേദ വിഭാഗത്തിന് കീഴിൽ 9 ഘട്ടങ്ങളിലായി, സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ/ മെഡിക്കൽ ഓഫീസർ, തെറാപിസ്റ്റ് എന്നിവർ ഉൾപ്പെടെ 54 ജീവനക്കാരെ നിയോഗിച്ചു.

ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും മെഡിക്കൽ ഓഫീസർ-81 , ഫാർമസിസ്റ്റ്-54, തെറാപ്പിസ്റ്റ്-18, അറ്റൻ്ററർ-54 ഉൾപടെ ആകെ 234 ജീവനക്കാരെ നിയമിച്ചു.

ഹോമിയോപ്പതി വകുപ്പിൽ നിന്നും മെഡിക്കൽ ഓഫീസർ -14, ഫാർമസിസ്റ്റ് - 28, അറ്റൻഡർ - 23, ഓഫീസ് അറ്റൻഡന്റ്/എസ്.സിപി - 5 എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ശുചീകരണ ജോലികൾക്കായി 5 ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരുന്നു.

**സെക്ഷൻ ഓഫീസർ**